**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** — **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ റിസർവ്വ് ബാങ്ക് ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്ക് എന്ന പേര് ഉപയോഗിക്കുന്നത് വിലക്കുകയും നിക്ഷേപം സ്വീകരിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ബാങ്കിംഗ് സേവനം നിഷേധിക്കുകയും ചെയ്യുന്ന റിസർവ്വ് ബാങ്ക് ഇടപെടൽ സംസ്ഥാനത്തുണ്ടാക്കാവുന്ന പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും സംസ്ഥാനത്തെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെയും നട്ടെല്ലായ സഹകരണ മേഖലയിലെ സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ്. സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയിലെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലും കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അംഗങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും നടത്തി വരുന്ന സ്ഥാപനങ്ങളാണിവ. സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം, KSRTC പെൻഷൻ കൺസോർഷ്യം/വിതരണം, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ്, ആംബുലൻസ് സർവ്വീസ്, ഡയാലിസിസ് സെന്ററുകൾ, നാളികേര സംസ്കരണ യൂണിറ്റുകൾ, വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വില്പന ശാലകൾ, ഉത്സവകാല ചന്തകൾ തുടങ്ങിയവ നടത്തുക എന്നിങ്ങനെയുള്ള വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വെയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ദീർഘകാല കാർഷിക വായ്പ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപന ങ്ങളാണ് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ. ഇവയുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നിയന്ത്രണങ്ങളും |

| | | | |
|---|---|---|---|
| | | | ചട്ടങ്ങളും ചെറുകിട ക്രെഡിറ്റ് (വായ്പ) രംഗത്ത് തിരിച്ചടികൾക്ക് കാരണമാകാം. ഇത് സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് അപരിഹാര്യമായ സ്ഥിതി വിശേഷം സൃഷ്ടിക്കുമെന്ന് കരുതുന്നു. |
| (ബി) | സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്താൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കം സഹകാരികളിലാകെ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (ബി) | 'സഹകരണം' ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും, സഹകരണ സ്ഥാപനങ്ങളെ നിയമവിധേയമല്ലാതെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ ബഹു.സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച PACS അസോസിയേഷൻ ഭാരവാഹികൾ, സഹകാരികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് ചർച്ചകൾ നടത്തിയിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ 22/11/2021-ലെ പത്രപരസ്യത്തെ തുടർന്ന് ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ് ബാങ്കിന് കത്ത് നൽകുകയുണ്ടായി. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ (Multi State Co-operative Societies) പ്രവർത്തനം സുതാര്യമാക്കുന്ന തിനായി സർക്കാർ ഇതിനകം ഇടപെടൽ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഏതെങ്കിലും തരത്തിലുള്ള പോരായ്മ കേന്ദ്രസർക്കാരോ റിസർവ്വ് ബാങ്കോ ചൂണ്ടിക്കാണിച്ചിരുന്നോ; വ്യക്തമാക്കാമോ? | (സി) | കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈസൻസുള്ളതുമായ കേരള സംസ്ഥാന സഹകരണ ബാങ്ക്, ലൈസൻസ്ഡ് അർബൻ സഹകരണ ബാങ്കുകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നിവയിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ നിയമാനുസൃത പരിശോധന നടത്തുകയും ആയതിൻമേലുള്ള പരിഹരണ റിപ്പോർട്ട് പ്രസ്തുത സ്ഥാപനങ്ങൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. കേരള ലാൻഡ് റീഫോംസ് ആന്റ് ഡെവലപ്പ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4482 (ലാഡർ) പൊതുജനങ്ങൾക്ക് നാമമാത്ര അംഗത്വം നൽകി അവരിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതായും, വാണിജ്യ റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നതായും, ആയത് ബോദ്ധ്യപ്പെടുന്നപക്ഷം തുടർനടപടി സ്വീകരിക്കണമെന്നും കാണിച്ച് ആർ.ബി.ഐ ജനറൽ മാനേജർ, തിരുവനന്തപുരം കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ